# ഉണ്ണിക്കുട്ടനും കമ്പ്യൂട്ടറും

സ്കൂളിൽനിന്നും വന്നു കഴിഞ്ഞാൽ ഉണ്ണിക്കുട്ടൻ നേരെ കമ്പ്യൂട്ടറിന്റടുത്തേക്കാണ് പോകുന്നത്. കമ്പ്യൂട്ടറിൽ ഗെയിം കളിക്കാനിരുന്നാൽ പിന്നെ ഊണും ഇല്ല ഉറക്കവും ഇല്ല. എന്നും അമ്മയുടെ വഴക്ക് കേൾക്കും.. അന്നും ഏറെ നേരം കാണാഞ്ഞിട്ടാണ് അവനെ തേടി അമ്മ മുറിയിലേക്കു വന്നത്.

അമ്മ പറഞ്ഞു: ''ഉണ്ണിക്കുട്ടാ കമ്പ്യൂട്ടറിലെ കളി മതിയാക്കി പുറത്തു പോയി കളിക്ക്. എപ്പോഴും ഇതിലിങ്ങനെ കളിച്ചാൽ കണ്ണിനു കേടാ.'' ഉണ്ണിക്കുട്ടൻ പറഞ്ഞു: ''അമ്മ പൊയ്ക്കൊ. ദേ ഒരു കളി കൂടി. അതു കഴിഞ്ഞിപ്പം വരാം.'' അടുത്ത കളിയും ഉണ്ണിക്കുട്ടൻ കളിച്ചുകഴിഞ്ഞു. പിന്നെ വിചാരിച്ചു. ഒരു കളി കൂടി കഴിയട്ടെ.

അപ്പോഴാണ് ഒരു വിളി കേട്ടത്. ''ഉണ്ണിക്കുട്ടാ..'' ആരാണ് വിളിക്കുന്നതെന്ന് മനസ്സിലാകുന്നില്ല.



1852 ലാണ് എവറസ്റ്റ് ഏറ്റവും വലിയ കൊടുമുടിയെന്ന് കണ്ടുപിടിച്ചത്.

ഉണ്ണിക്കുട്ടൻ തിരിഞ്ഞും മറിഞ്ഞും നോക്കി. ഈ കമ്പ്യൂട്ടറിൽനിന്നാണല്ലോ വിളി.

“ആ അതെ ഞാൻതന്നെയാണ്. നീ കളിക്കുന്ന കമ്പ്യൂട്ടർതന്നെ. നിനക്കറിയുമോ.. ഒരുപാടു നേരം എന്നെ പ്രവർത്തിപ്പിച്ചാൽ എനിക്കും കുഴപ്പമാണെന്നുള്ളത്. ഇങ്ങനെ ഇടതടവില്ലാതെ എന്നെ പണിയെടുപ്പിച്ചാൽ എന്റെ ഉള്ളിലും പല സാധനങ്ങളുമുണ്ട്. അതോരോന്നായി ചത്തു പോകും. എനിക്കും വേണ്ടേ വിശ്രമം....

ഉണ്ണിക്കുട്ടൻ ചോദിച്ചു: “ചങ്ങാതീ എന്തൊക്കെയാണീപ്പറയുന്നത്.” അപ്പോൾ കമ്പ്യൂട്ടറിനകത്തുനിന്നും ശബ്ദം മുഴങ്ങി.

“ഉണ്ണിക്കുട്ടാ..കേട്ടോളൂ. എനിക്കും ഒരു ഹൃദയമുണ്ട്.” ഉണ്ണിക്കുട്ടനാകെ സംശയമായി. അവനതിശയത്തിൽ ചോദിച്ചു: “ചങ്ങാതീ..നിനക്കും ഹൃദയമുണ്ടെന്നോ..?” കമ്പ്യൂട്ടറുടനെ പറഞ്ഞു. “അതെ പ്രൊസസ്സറെന്നാണ് ആൾക്കാരതിനെ വിളിക്കുന്നത്. നിരന്തരമായി എന്നെ പ്രവർത്തിപ്പിച്ചോണ്ടിരുന്നാൽ കുറേ കഴിയുമ്പോളത് ഒരുപാടു ചൂടാകും. അതു തണുക്കാൻ ഫാനൊക്കെ അകത്തു പിടിപ്പിച്ചിട്ടുണ്ടെങ്കിലും അമിത ചൂടു വന്നാൽ അതങ്ങു ചത്തുപോകും.”

“പിന്നെയോ...എനിക്കും ഒരു തലച്ചോറുണ്ട്.” “അയ്യോ നിനക്കും തലച്ചോറുണ്ടെന്നോ.” ഉണ്ണിക്കുട്ടൻ അദ്ഭുതംകൂറി. അപ്പോൾ വീണ്ടും കമ്പ്യൂട്ടർ പറഞ്ഞു: “ആൾക്കാരതിനെ റാമെന്നും മെമ്മറിയെന്നും ഒക്കെയാണു പറയുന്നത്. വിശ്രമമില്ലാതെ പ്രവർത്തിച്ചാൽ അതും കേടാകും.”

## ഇതിൽ ചിത്രകാരൻ അല്ലാത്ത വ്യക്തി ആര്?

ഉത്തരം



എ. ആർ. റഹ്മാൻ

“എന്റെ തലച്ചോറു പ്രവർത്തിക്കാതെയിരിക്കുമ്പോൾ നിങ്ങളു പറയും ഞാൻ തൂങ്ങി നിൽക്കുന്നെന്ന്.”

“ഇതേപോലെ എന്റെയുള്ളിൽ നിങ്ങളുടെ അവയവങ്ങൾ പോലെ കുറേ സാധനങ്ങളുണ്ട്. ഒരു വിശ്രമവും തരാതെഎന്നെ പ്രവർത്തിപ്പിച്ചാൽ പിന്നീട് ഓരോന്നായി പ്രവർത്തിക്കാതെ യാകും. ഒന്നുകൂടി വിശദീകരിച്ചു പറഞ്ഞാൽ കമ്പ്യൂട്ടറിന്റെ മദർ ബോർഡു ചത്തു. ഹാർഡ് ഡിസ്ക്കു ചത്തു, പവർ സപ്ലൈ പോയി എന്നൊക്കെയാണ് അപ്പോൾ നിങ്ങൾ പറയുന്നത്.”

ഇത്രയും കേട്ടപ്പോൾ ഉണ്ണിക്കുട്ടൻ പറഞ്ഞു: “ചങ്ങാതീ എന്റെ അറിവില്ലായ്മ കൊണ്ടാണ് നിനക്ക് വിശ്രമം തരാതെ ഞാൻ കളിച്ചുകൊണ്ടിരുന്നത്.”

കമ്പ്യൂട്ടർ പറഞ്ഞു: “ഉണ്ണിക്കുട്ടാ, ഒരു കാര്യം കൂടിപറയാം.

▶▶ ആൻഡ്രൂവോയാണ് എവറസ്റ്റ് എന്ന് പേര് നൽകിയത്.



പരമ രഹസ്യമാ. പിന്നെ എന്റെ കണ്ണ് എന്നു പറഞ്ഞാൽ നിങ്ങളു കാണുന്ന ഈ സ്ക്രീനില്ലെ, അത് കുറേനേരം ചൂടായിക്കഴിഞ്ഞാൽ അതിൽ നിന്നും ഒരു തരം അപ കടകാരിയായ രശ്മികൾവരും, അതു നിങ്ങളുടെ കണ്ണിനു കേടാ കേട്ടോ.

അതുകൊണ്ട് മിതമായി മാത്രം നിങ്ങളെന്നോട് കളിക്കുക. അതാ ണ് നിങ്ങൾക്കും എനിക്കും നല്ല ത്.'' ഉണ്ണിക്കുട്ടൻപറഞ്ഞു: ''ശരി ചങ്ങാതീ. നീയൊരു നല്ല ചങ്ങാ തി തന്നെയാ. ഇത്രയും നല്ല കാ ര്യങ്ങൾ നീ എനിക്കു പറഞ്ഞു തന്നല്ലോ. ഇനി ഞാൻ മിതമായി മാത്രമെ നിന്നെ പ്രവർത്തിപ്പിക്കു കയുള്ളൂ.''

പിറ്റെ ദിവസം തൊട്ട് ഉണ്ണി ക്കുട്ടൻ വൈകിട്ടു വന്നാൽ കൂ ട്ടുകാരുമായി മുറ്റത്തും പറമ്പിലു മൊക്കെ പോയി കളിച്ചു തുടങ്ങി. വളരെ കുറച്ചു സമയം മാത്രം കമ്പ്യൂട്ടറുപയോഗിച്ചു.

കെ ആർ. പുന്നപ്ര

## തിരുത്ത്

കഴിഞ്ഞ ലക്കം മലർവാടി യിൽ വന്ന ബുദ്ധിപരീക്ഷിക്കാം എന്ന ചോദ്യങ്ങളിൽ ഒന്നിന്റെ ഉത്തരം അതിൽ പറഞ്ഞപ്രകാ രം കൃത്യമായി ചേർക്കാൻ കഴി യാത്തതിൽ ഖേദിക്കുന്നു.

**ഉത്തരം**

0 മൈൽ, അയാൾ പുറ പ്പെട്ട സ്ഥലത്തു തന്നെ തിരി ച്ചെത്തി.